# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.VLD2/135353/2021(A&VC5) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ,ഫോർട്ട് ,
തിരുവനന്തപുരം,തീയതി :10.10.2023

## കാരണം കാണിക്കൽ നോട്ടീസ്

പാലാ ഡിപ്പോയിലെ കണ്ടക്ടർ ശ്രീ.എം.നൗഫൽ എന്ന താങ്കൾ **02.03.2021** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും,മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവുമാണ്. ആയത് കോർപ്പറേഷൻറെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു.മേൽ കാരണങ്ങളാൽ പാലാ യൂണിറ്റിലെ കണ്ടക്ടർ ശ്രീ.എം നൗഫൽ എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും,നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 05.01.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

താങ്കളുടെ മേൽവിലാസത്തിൽ അയച്ച കുറ്റപത്രം കൈപ്പറ്റിയതായിട്ടുള്ള അക്നോളജ്മെന്റ് കാർഡ് ലഭ്യമായിട്ടുണ്ടെങ്കിലും കുറ്റപത്രത്തിന്മേൽ ഒരു വിശദീകരണവും സമർപ്പിച്ചിട്ടില്ലാത്തതുമാണ്.തുടർന്ന് ഫയൽ നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി കോട്ടയം യൂണിറ്റധികാരിയ്ക്ക് കൈമാറുകയുണ്ടായി. അന്വേഷണാധികാരി താങ്കളെ നേരിൽ കേൾക്കാൻ 3 തവണ അവസരം നൽകിയിട്ടും താങ്കൾ ഹിയറിംഗിന് ഹാജരാകുകയോ അസൗകര്യം സംബന്ധിച്ച അറിയിപ്പ് നൽകുകയോ ചെയ്തില്ല. അന്വേഷണ ഉദ്യോഗസ്ഥൻ വാദിഭാഗത്തിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 04.03.2023 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.ടി റിപ്പോർട്ടിന്റെ പകർപ്പ് 14.03.2023 തീയതിയായി താങ്കൾക്ക് അയച്ചു നൽകുകയും താങ്കൾ ഭാര്യയോടൊപ്പം ലണ്ടനിൽ ആണെന്ന വിശദീകരണം താങ്കളുടെ മാതാവ് ഇൻസ്പെക്ടർ ശ്രീ.ഉമേഷ്കുമാർ മുൻപാകെ രണ്ട് അയൽവാസികളെ സാക്ഷിയാക്കി മൊഴി നൽകിയിട്ടുള്ളതുമാണ് എന്നാൽ താങ്കൾ ഇതിന് യാതൊരു വിശദീകരണവും നൽകിയിട്ടില്ലാത്തതുമാണ്.

ഫയലും,അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം ഒരു ഘട്ടത്തിലും നൽകിയിട്ടില്ല. കുറ്റാരോപണങ്ങളിൽമേൽ താങ്കൾ യാതൊരു വിശദീകരണവും നാളിതുവരെ നൽകിയിട്ടില്ലാത്തതിൽ നിന്നും ആയതിൻമേൽ താങ്കൾക്ക് യാതൊരു എതിർ അഭിപ്രായവും ഇല്ലായെന്നു അനുമാനിക്കുന്നു താങ്കൾ 02.03.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും,അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത അച്ചടക്ക ലംഘനത്തിനു താങ്കൾക്ക് എതിരെ സ്വീകരിച്ച നടപടി ഒഴിവാക്കാൻ പര്യാപ്തമായ കാരണം കാണുന്നില്ല. ആകയാൽ പാലാ യൂണിറ്റിലെ കണ്ടക്ടർ ശ്രീ.എം നൗഫൽ എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും,നിയന്ത്രണവും ,അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.എം.നൗഫൽ എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർ വാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നൽകുവാനില്ലായെന്നു അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ ഷാജി
( ഗവ : ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

10/10/2023

സ്വീകർത്താവ്
ശ്രീ .എം .നൗഫൽ,കണ്ടക്ടർ ,പാലാ
(ജില്ലാ അധികാരി കോട്ടയം മുഖാന്തിരം )

പകർപ്പ് : ജില്ലാ അധികാരി കോട്ടയം - ടി നോട്ടീസ് ടിയാൾക്ക് കൈമാറി
കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതാണ്

ഫയൽ & സ്റ്റോക്ക് ഫയൽ
DL